I/66399/2023

**കൃഷി ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ജോർജ് അലക്സാണ്ടർ)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം : കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് നമ്പർ 1102/2022/കൃഷി തീയതി 14/12/2022

2) ഈ കാര്യാലയത്തിലെ 31/12/2022 തീയതിയിലെ സമ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ADFW/5523/2022-SE2 തീയതി . 09-01-2023**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം വർഷം കൃഷി ഫീൽഡ് ആഫീസർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് യോഗ്യരായ അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ പട്ടിക സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെട്ട ക്രമ നമ്പർ 4 വരെയുള്ള അസിസ്റ്റന്റ് കൃഷി ആഫീസർമാർക്ക് പരാമർശം 2 പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ 31/12/2022ന് എറണാകുളം വൈറ്റില കൃഷി ഭവനിൽ ഒരു വിരമിത ഒഴിവ് വന്നിട്ടുണ്ട്. ടി ഒഴിവ് നികത്തുന്നതിനായി പരമാർശം 1 ലെ ഡി പി സി പട്ടികയിൽ ഉൾപ്പെട്ട അടുത്ത സീനിയർ ആയ അസിസ്റ്റന്റ് കൃഷി ആഫീസർക്ക് ചുവടെ പരാമർശിക്കും പ്രകാരം 50200-105300 ശമ്പള നിരക്കിൽ കൃഷി ഫീൽഡ് ആഫീസറായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തികയും കാര്യാലയവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. രമേഷ് കുമാർ എസ്<br>അസിസ്റ്റന്റ് കൃഷി ആഫീസർ<br>കൃഷി ഭവൻ , മഞ്ചേശ്വരം,കാസറഗോഡ് | കൃഷി ഭവൻ , വൈറ്റില,എറണാകുളം (ശ്രീ. രാജൻ. കെ.എ കൃഷി ഫീൽഡ് ആഫീസർ 31/12/2022 ന വിരമിച്ച ഒഴിവിൽ ) |

മേൽ പട്ടിക പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഫീൽഡ് ആഫീസർ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറു മാസത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. ഉദ്യോഗ കയറ്റം ലഭിച്ച ജീവനക്കാരന് യാത്രാബത്ത /പ്രവേശനകാലം എന്നിവ സംബന്ധിച്ച ചട്ട പ്രകാരമുള്ള അനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ടി ജീവനക്കാരൻ വിടുതൽ ചെയ്ത /ജോലിയിൽ പ്രവേശിച്ച വിവരം ആർ ടി സി പകർപ്പ് സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ആഫീസർമാർ അക്കൗണ്ടന്റ് ജനറലിനെയും ഈ കാര്യാലയത്തെയും യഥാ സമയം അറിയിക്കേണ്ടതാണ്.

I/66399/2023

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന്റെ സേവന പുസ്തകം ആവശ്യമായ എല്ലാ രേഖപെടുത്തലുകളും വരുത്തി അന്തിമ വേതന പത്രം, ഗസറ്റഡ് എൻടൈറ്റിൽമെൻറ് രജിസ്റ്റർ എന്നിവ സഹിതം ശമ്പള നിർണ്ണയത്തിനായി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ആഫീസർ നേരിട്ട് അക്കൗണ്ടന്റ് ജനറലിനു കൈമാറേണ്ടതാണ്. അക്കൗണ്ടന്റ് ജനറലിൽ നിന്നും സേവന പുസ്തകം തിരികെ ലഭ്യമായ ശേഷം സൂക്ഷിപ്പിനായി ഇ കാര്യാലയത്തെ ഏല്പിക്കേണ്ടതാണ്.

Signed by
George Alexander
Date: 09-01-2023 15:06:29
ജോർജ് അലക്സാണ്ടർ
കൃഷി ഡയറക്ടർ (ഇൻ .ചാ.)

സ്വീകർത്താവ്

ശ്രീ. രമേഷ് കുമാർ എസ്
അസിസ്റ്റന്റ് കൃഷി ആഫീസർ
കൃഷി ഭവൻ ,മഞ്ചേശ്വരം ,കാസറഗോഡ്

പകർപ്പ്

പ്രിൻസിപ്പൽ കൃഷി ആഫീസർ, കാസറഗോഡ്/എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള ,തിരുവനന്തപുരം
SE(3) Section , S/F, Spare